# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3196 14/03/2018-ന് മറുപടിക്ക്

## പറമ്പിക്കുളം ആളിയാർ കരാറിലെ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ ചുമതലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പറമ്പിക്കുളം - ആളിയാർ കരാറിലെ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | എ) കേരളത്തിലേയും, തമിഴ്നാട്ടിലേയും ജലസേചന - വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കരാറിലെ വ്യവസ്ഥയനുസരിച്ച് (ഷെഡ്യൂൾ V പാരഗ്രാഫ് (2)) ജെ.ഡബ്ല്യു.ആർ. ബോർഡിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും താഴെകൊടുക്കുന്നു.<br><br>2a) ആനമലയാർ, നീരാർ വിയർ, ലോവർ നീരാർ റിസർവോയർ, തമിഴ്നാട് ഷോളയാർ, കേരളഷോളയാർ, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപള്ളം, ആളിയാർ എന്നീ റിസർവോയറുകളിലേയും മണക്കടവ് വിയറിലേയും കരാറനുസരിച്ചുള്ള ജലവിതരണവും നിയന്ത്രണവും ജെ.ഡബ്ല്യു.ആർ.ബോർഡിന്റെ ഉത്തരവാദിത്തമാണ്.<br><br>b)തിരുമൂർത്തി റിസർവോയറിലേയ്ക്ക് ഒഴുകി ചേരുന്ന കൊണ്ടൂർ കനാലിൽ ഇന്റർസെപ്റ്റ് ചെയ്യുന്ന ആളിയാർ വൃഷ്ടിപ്രദേശത്തെ നീരൊഴുക്ക് നിർണ്ണയം, ജെ.ഡബ്ല്യു. ആർ. ബോർഡിന്റെ ഉത്തരവാദിത്തത്തിൽ പെടുന്നു. |

3a)പദ്ധതിയിൽ പെടുന്ന എല്ലാ നദികളിലേയും ഒഴുക്കിന്റെ സംയുക്ത അളവെടുപ്പ്, നീരൊഴുക്ക് നിർണ്ണയം എന്നിവ അടിയന്തിരമായി ചെയ്യേണ്ടത് ബോർഡിന്റെ ചുമതലയാണ്.

b) മുകളിൽ പ്രതിപാദിച്ചിട്ടുള്ള റിസർവോയറുകളിൽ നിന്നും വിയറുകളിൽ നിന്നും കരാർ അനുസരിച്ച് എങ്ങനെ എപ്പോൾ ജലം പുറത്ത് വിടണം/വിതരണം ചെയ്യണം എന്നതിനെക്കുറിച്ച് തീരുമാനമെടുക്കേണ്ടത് ജെ.ഡബ്ല്യു.ആർ. ബോർഡ് ആണ്.

c) ബോർഡിൽ എടുക്കുന്ന തീരുമാനങ്ങൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരിലൂടെ ബോർഡ് നടപ്പാക്കേണ്ടതാണ്.

d) നിശ്ചിത കാലയളവിൽ റിസർവോയറിൽ നിന്നും /വിയറിൽനിന്നും , എത്ര വെള്ളം പുറത്തേയ്ക്ക് വിട്ടു എന്ന് നിർണ്ണയിക്കേണ്ടത് ജെ.ഡബ്ല്യു.ആർ.ബോർഡ് ആണ്.

e) ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പദ്ധതിയിലെ വിവിധ ഗേജിംഗ് പോയിന്റു കളിലെ ദൈവാര കണക്കുകൾ സ്വീകരിച്ച് അവ ജെ.ഡബ്ല്യു.ആർ.ബോർഡ് അംഗീകരി ക്കേണ്ടതാണ്.

f) വി വിധ റിസർവോയറുകളിൽ സ്ഥാപിച്ചിട്ടുള്ള 'സർപ്ലസ് ഗേറ്റുകളുടെ' പ്രവർത്തനത്തിനും നിയന്ത്രണത്തിനും ആവശ്യമായ നിയമാവലി, ജലപ്രളയം ഉണ്ടാകുമ്പോൾ ഷട്ടർ ഓപ്പറേഷനു വേണ്ടി പാലിക്കേണ്ട നിയമാവലി എന്നിവയ്ക്ക് ജെ.ഡബ്ല്യു.ആർ.ബോർഡ് രൂപം കൊടുക്കേണ്ടതുണ്ട്. ഇപ്രകാരം ചെയ്യുമ്പോൾ താഴെ സ്ഥിതിചെയ്യുന്ന നിർമ്മിതികളുടെ സുരക്ഷ കൂടി പ്രത്യേകം പ രിഗണിക്കേണ്ടതുണ്ട്. മുൻകരുതലുകൾ എടുക്കുന്നതിൽ എന്തെങ്കിലും പിഴവുണ്ടാവുകയോ / കൃത്യസമയത്ത് മുന്നറിയിപ്പ് നൽകാതെ വരുകയോ

ചെയ്താൽ ജെ.ഡബ്ല്യു.ആർ.ബോർഡ് അന്വേഷണം നടത്തി ഇരു സംസ്ഥാന ഗവൺമെന്റുകൾക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

g) മുകളിൽ പറഞ്ഞ ചുമതലകളുമായി ബന്ധപ്പെട്ട് ഇരുഗവൺമെന്റുകളും ബോർഡിനോട് ആവശ്യപ്പെടുന്ന ചുമതലകൾ കൂടി ജെ.ഡബ്ല്യു.ആർ. ബോർഡ് നിർവഹിക്കേണ്ടതുണ്ട്.

ബി) കരാറുമായി ബന്ധപ്പെട്ട ഡാമുകളിലേയും നദികളിലെയും ജലസംഭരണം വിതരണം എന്നീ കാര്യങ്ങളിൽ കരാറിൽ നിഷ്കർഷിച്ച പ്രകാരമുള്ള ചുമതലകൾ ജെ.ഡബ്ല്യു.ആർ ബോർഡ് നിർവ്വഹിക്കുന്നുണ്ടോ ;

ബി) കരാറിൽ നിഷ്കർഷിച്ച പ്രകാരം ജലവിതരണം നടത്തുന്നതിന്, സംയുക്ത ജല ക്രമീകരണ ബോർഡ് യോഗത്തിൽ തീരുമാനമെടുക്കാറുണ്ടെങ്കിലും, തമിഴ്നാ ടിന്റെ നിസ്സഹകരണം കാരണം പലപ്പോഴും അത് നടപ്പാക്കാൻ കഴിയാറില്ല.

സി) ഇല്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷകാലയളവിൽ കേരളത്തിനുണ്ടായ ജലത്തിന്റെയും വൈദ്യുതിയുടെയും നഷ്ടമെത്രയെന്ന കണക്കുകൾ ലഭ്യമാക്കാമോ ; ഈ നഷ്ടം വകയിരുത്തിക്കിട്ടുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

സി) 2007 - 08 മുതൽ 2016 -17 വരെ പത്ത് ജല വർഷങ്ങളിൽ കേരളത്തിന് പി.എ.പി യിൽ നിന്ന് മണക്കടവ് വിയറിൽ ലഭിച്ച ജലവും ഉണ്ടായ ജലനഷ്ടവും കേരള ഷോളയാറിൽ ലഭിച്ച ജലവും ഉണ്ടായ ജലനഷ്ടവും കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ജലവർഷം | കരാർ പ്രകാരം മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലം (എം.സി.എഫ്.ടി.യിൽ) | മണക്കടവ് വിയറിൽ ലഭിച്ച ജലം (എം.സി.എഫ്.ടി. യിൽ) | മണക്കടവ് വിയറിലെ ജല നഷ്ടം (എം.സി.എഫ്.ടി. യിൽ) | കരാർ പ്രകാരം കേരള ഷോളയാറിൽ ലഭിക്കേണ്ട ജലം( എം.സി.എഫ്.ടി. യിൽ) | കേരള ഷോളയാറിൽ ലഭിച്ച ജലം (എം.സി.എഫ്.ടി.യിൽ) | കേരള ഷോളയാറിലെ ജല നഷ്ടം (എം.സി.എഫ്.ടി.യിൽ) |
|---|---|---|---|---|---|---|
| 2007-08 | 7250 | 6836 | 414 | 12300 | 13118 | ഇല്ല |
| 2008-09 | 7250 | 7618 | ഇല്ല | 12300 | 12347 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 2009 -10 | 7250 | 7581 | ഇല്ല | 12300 | 12307 | ഇല്ല |
| 2010 -11 | 7250 | 7759 | ഇല്ല | 12300 | 12334 | ഇല്ല |
| 2011 -12 | 7250 | 7812 | ഇല്ല | 12300 | 12321 | ഇല്ല |
| 2012 -13 | 7250 | 5574 | 1676 | 12300 | 10663 | 1637 |
| 2013 -14 | 7250 | 7521 | ഇല്ല | 12300 | 12950 | ഇല്ല |
| 2014 -15 | 7250 | 7467 | ഇല്ല | 12300 | 12725 | ഇല്ല |
| 2015 -16 | 7250 | 7292 | ഇല്ല | 12300 | 11114 | 1186 |
| 2016 -17 | 7250 | 4378 | 2872 | 12300 | 8204 | 4096 |

2012-13, 2015-16, 2016-17, ജലവർഷങ്ങളിൽ തമിഴ്നാട് ജലം അധികമായി എടുത്തിട്ടുണ്ട്. അതുമൂലം 2012-13-ൽ 49.446 ദശലക്ഷം യൂണിറ്റ് , 2015-16-ൽ 36.44 ദശലക്ഷം യൂണിറ്റ് 2016-17-ൽ 121.03 ദശലക്ഷം യൂണിറ്റ് എന്നീ ക്രമത്തിൽ കേരള സംസ്ഥാനത്തിന് ഊർജ്ജ നഷ്ടം ഉണ്ടായിട്ടുണ്ട്.

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഉഭയകക്ഷി ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

2012 - 2013 ജലവർഷത്തിൽ, തമിഴ്നാടിന്റെ, പി.എ.പി കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16.04.2013 ന് ബഹു: സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ്

2013) ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോൽപ്പാദനരംഗത്തും കാർഷിക മേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം യഥാക്രമം 39,26,00,000/- രൂപയും 16,86,22,548/- രൂപയും കണക്കാക്കി ആകെ 56,12,22,548/- രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസിന്റെ തുടർനടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. തുടർന്നുള്ള ജലവർഷങ്ങളിൽ കരാർ ലംഘനം മൂലമുണ്ടായ നാശനഷ്ടങ്ങൾ നിലവിലുള്ള കേസിന്റെ വാദത്തോട് ചേർത്ത് ഉന്നയിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

ഡി) പറമ്പിക്കുളം-ആളിയാർ കരാർ വ്യവസ്ഥകൾ തമിഴ്നാട് നിർബാധം ലംഘിക്കുമ്പോൾ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം ജെ.ഡബ്ല്യൂ.ആർ ബോർഡിലെ ഉദ്യോഗസ്ഥർക്ക് വേണ്ടത്ര പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാത്തതിനാൽ ഷോളയാറിലും മനക്കടവിലും കേരളത്തിന് ലഭിക്കേണ്ട വെള്ളത്തിൽ കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ പ്രവർത്തനവും, പരിപാലനവും തമിഴ് നാടാണ് നടത്തിവരുന്നത് ആയതിനാൽ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ജെ. ഡബ്ല്യൂ.ആർ.ബി യോഗങ്ങളിൽ ഇരു സംസ്ഥാനങ്ങളും സംയുക്തമായി എടുക്കുന്ന പല തീരുമാനങ്ങളും തമിഴ്നാട് നടപ്പിലാക്കാറില്ല. ഇത് കേരളത്തിന് കരാറനുസരിച്ചിട്ടുള്ള ജല വിഹിതം നിഷേധിക്കപെടുന്നതിന് പ്രത്യേകിച്ച് ജല ലഭ്യതക്കുറവുള്ള വർഷങ്ങളിൽ കാരണമാകുന്നു. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ അയൽ സംസ്ഥാനങ്ങളുമായിട്ടുള്ള പ്രശ്നങ്ങളിലും, തർക്കങ്ങളിലും ചർച്ചകളിലൂടെ പരിഹാരം കാണുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ആയതിനാൽ കരാർ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ ആദ്യം തന്നെ കടുത്ത നടപടികൾ സ്വീകരിക്കാതെ ചർച്ചകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സാധ്യത പരിശോധിക്കണമെന്ന നിർദ്ദേശമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

നൽകിയിട്ടുള്ളത്. ഈ നയത്തിലൂന്നൽ നൽകികൊണ്ട് സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായിട്ടുള്ള പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതുകൊണ്ട് പ്രശ്നപരിഹാരം സാദ്ധ്യമായില്ലെങ്കിൽ സർക്കാർ ഇത്തരം വിഷയങ്ങളിൽ കാര്യക്ഷമമായി ഇട പെട്ടുവരുന്നുണ്ട്.

ഇ) ജെ.ഡബ്യൂ.ആർ ബോർഡിലെ ഉദ്യോഗസ്ഥർക്ക് വേണ്ടത്ര പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

ഇ) അന്തർ സംസ്ഥാന നദീ ജലകരാറുകളിൽ കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനു വേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാദ്ധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇനിയുള്ള ഉഭയകക്ഷി ചർച്ചകളിൽ സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി) പ്രവർത്തന ക്ഷമത കുടുതൽ ശക്തിപ്പെടുത്താനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താൻ പരമാവധി ശ്രമിക്കുന്നതായിരിക്കും.

**സെക്ഷൻ ഓഫീസർ**